പോലീസ് വകുപ്പ്

## കേരളം

**ജില്ലാ പോലീസ് മേധാവിയുടെ നടപടിക്രമം**

**ജില്ലാ പോലീസ് കാര്യാലയം, ആലപ്പുഴ.**

**സാന്നിദ്ധ്യം: എം.പി.മോഹനചന്ദ്രൻ ഐ.പി.എസ്.**

**ഉത്തരവ് നമ്പർ: ജെ2 -2524/ഡി.സി.ആർ.ബി./2025-എ. തീയതി 18.06.2025**

**ലേല വിളംബരം**

**Kerala Protecrtion Of River Banks and Removel of Sand Rules 2002 സെക്ഷൻ 26, 27, 28 പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ നടപടി ക്രമം**

വിഷയം : ആലപ്പുഴ ജില്ലയിലെ മുഹമ്മ പോലീസ് സ്റ്റേഷനിൽ മണൽ കടത്തലുമായി ബന്ധപ്പെട്ട വാഹനങ്ങൾ ലേലം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : 1. ബഹു ജില്ലാ കളക്ടറുടെ DCALP/5403/2025-DMC4 Dated 03.06.2025 നമ്പർ കത്ത്

2. ബഹു സബ് കളക്ടറുടെ RDOALP/765/2025-B1 Dated 10.06.2025 നമ്പരായുള്ള കത്ത്

3. നമ്പർ. 238/TDR/25/MHMA Dtd 16.06.2025

4. ബഹുമാനപ്പെട്ട ചേർത്തല ജോയിന്റെ ആർ ടി ഒ യുടെ റിപ്പോർട്ട്

ആലപ്പുഴ ജില്ലയിൽ മുഹമ്മ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലായി സൂക്ഷിച്ച വരുന്നതും മണൽകടത്തുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ടതും കോടതി നടപടികൾ പൂർത്തികരിച്ചതുമായ 10 വാഹനങ്ങൾ സ്റ്റേഷൻ പരിസരങ്ങളിൽ നീക്കം ചെയ്യുന്നതിനായി , ബന്ധപ്പെട്ട വാഹനയുടമകൾക്ക് രേഖമൂലമുള്ള നിർദേശം പല തവണ നൽകിയുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത വാഹനങ്ങൾ ഏറ്റു കൊണ്ടുപോകുവാൻ തയ്യാറാവത്തതിനാൽ , Kerala Protection Of River Banks and Removal of Sand Rules 2002 സെക്ഷൻ 26, 27, 28 പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ ടി വാഹനങ്ങൾ ലേലം ചെയ്ത് ലേലതുക റിവർ മാനേജ്മെന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് . ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 2 പ്രകാരം ബഹു സബ് കളക്ടറുടെ കാര്യലയത്തിൽ നിന്നും രേഖമുലം നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ , ചുവടെ പരാമർശിക്കുന്ന വാഹനങ്ങൾ , നിബന്ധനകൾക്ക് വിധേയമായി 25.07.2025 തീയതി 11.00 മണിയ്ക്ക് ചേർത്തല അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് ശ്രീ. ഹരീഷ് ജെയിൻ IPS ചെർമാനായുള്ള

സമിതിയുടെ മേൽ നോട്ടത്തിൽ 05 ലോട്ടുകളായി മുഹമ്മ പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പൊതുലേലം നടത്തപ്പെടുന്നതാണ്

## വാഹന വിവരങ്ങൾ

| Lot No | SL No. | Police Station | Reg. No . of vehicle | Type of vehicles (Car, M/C, Lorry, Autoriks haw etc.) | Chassis No | Engine No | Condition Of Vehicle | GST Rate | Present Stage of this Case( UI/PT / UT /Disposal ) |
|---|---|---|---|---|---|---|---|---|---|
| 1 | 1 | Muhamma | KL 05 A 5736 | LORRY | 3.69074E+11 | 692D0156061 | Scrap | 18% | Police Station Premises |
| | 2 | Muhamma | KL 09 R 2415 | LORRY | QGZGL4GM009 4921 | SLTGQ87917 | Scrap | 18% | Police Station Premises |
| 2 | 3 | Muhamma | KL 36 47 | LORRY | SFZGL4GM010 4136 | SLTFS97860 | Scrap | 18% | Police Station Premises |
| | 4 | Muhamma | KL 05 C 3472 | LORRY | 357010BUQ80 5829 | 497SP21BUQ7158 18 | Scrap | 18% | Police Station Premises |
| 3 | 5 | Muhamma | KL 40 9488 | MAZDA | TEZGL4GM011 4645 | SLTET107748 | Scrap | 18% | Police Station Premises |
| | 6 | Muhamma | KL 01 E 4084 | TATA | 344023EVQ11 1718 | 692021DVQ11171 8 | Scrap | 18% | Police Station Premises |
| 4 | 7 | Muhamma | KL 36 4046 | LORRY | QFWEL4GM01 06149 | SLTFR99005 | Scrap | 18% | Police Station Premises |
| | 8 | Muhamma | KL 04 X 4617 | 407 | 3821331BRZ8 05674 | 49TC94BRZ81078 9 | Scrap | 18% | Police Station Premises |
| 5 | 9 | Muhamma | KL 03 F 7050 | TATA | 388046KZZ718 485 | 00K62165709 | Scrap | 18% | Police Station Premises |
| | 10 | Muhamma | KL 08 B 7911 | 407 | 3.5701E+11 | 497SP21594565 | Scrap | 18% | Police Station Premises |

## ലേല നിബന്ധകൾ

1. ലേലം നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ള വാഹനങ്ങൾ പരിശോധിക്കണം എന്നുള്ളവർക്ക് , എല്ലാ ദിവസവും 10.00 മണിമുതൽ 17.00 മണിവരെ മുഹമ്മ ഐ.എസ്.എച്ച് ഒ യുടെ അനുമതിയോട്ടു കൂടി പരിശോധിക്കാവുന്നതാണ്

2. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കൊണ്ടു വരേണ്ടതാണ്

3. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ ലേലം വിളിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ലോട്ടുകൾക്കും 10,000 രൂപ വീതം ( പതിനായിരം രൂപ) നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്

4. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ 10.00 മണിയ്ക്ക് മുൻപായി നിരതദ്രവ്യം അടച്ച് ടോക്കൺ കൈപ്പറ്റേണ്ടതാണ്. ടോക്കൺ കൈപ്പറ്റാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

5. ലേലം കൊള്ളുന്ന വ്യക്തി/ സ്ഥാപനങ്ങൾ ലേലത്തുകയുടെ 50 ശതമാനം ലേലം കൊണ്ട് 5 ദിവസത്തിനകം റിവർ മാനേജ് മെന്റ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ് . ബാക്കിവരുന്ന 50 ശതമാനം തുക 15 ദിവസത്തിനകം ടി അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ് ( Account Type - STSB, Accont No. - 706011400000020 , Customer ID - 102759 , Customer Name - COLLECTORATE ALAPPUZHA
Address - COLLECTORATE ALAPPUZHA )

6. ലേലം കൊള്ളുന്ന വ്യക്തി/ സ്ഥാപനങ്ങൾ ലേലത്തുകയുടെ 18 % GST അടയ്ക്കേണ്ടതും ആയതിന്റെ രസീത് ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ഹാജരാക്കേണ്ടതാണ്

7. ഏതെങ്കിലും സാഹചര്യത്തിൽ ലേലം സംബന്ധമായ തർക്കം ഉണ്ടാകുന്ന പക്ഷം ലേല നടപടികൾ പുനരംഭിക്കുന്നതിനോ മാറ്റി വയ്ക്കുന്നതിനോ, നിറുത്തിവയ്ക്കുന്നതിനോ ഉള്ള അധികാരം ചെയർമാനിൽ നിക്ഷിപ്തമായിരിക്കും

8. ലേലം കൊള്ളുന്ന വ്യക്തി/ സ്ഥാപനങ്ങൾ ലേലത്തുകയുടെ 50 ശതമാനം തുക മേൽ പറഞ്ഞിട്ടുള്ള അക്കൌണ്ടിൽ അടച്ചതിനു ശേഷം മാത്രമേ നിരതദ്രവ്യ തുക മടക്കി തരുകയുള്ളു

9. മേൽ പറഞ്ഞിട്ടുള്ള സമയപരിതിക്കുള്ളിൽ ലേലതുക അടയ്ക്കാത്തവരുടെ ലേലം അസ്ഥിരപ്പെടുത്തുകയും, അടച്ച തുക / നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള അധികാരം ആലപ്പുഴ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും

10. ലേലതുക , ആർ ടി ഒ യുടെ മൂല്യ നിർണ്ണയ വിലയേക്കാൾ കുറഞ്ഞ താണെങ്കിൽ അത്തരം ലേലം റദ്ദ് ചെയ്യുന്നതായിരിക്കും

11. Close Tender കൾ സ്വീകരിക്കുന്നതായിരിക്കും - ലേല ദിവസം 09.00 മണിമുതൽ 10.00 മണിവരെ Close Tender കൾ സ്വീകരിക്കുന്നതാണ്

12. ഓരോ ലോട്ടിനും പ്രത്യേകം ,പ്രത്യേകം Close Tender സമർപ്പിക്കേണ്ടതാണ് , ഓരോ ഓപ്പൺ ലേലം നടപടികൾക്കു ശേഷവും Close Tender പൊട്ടിച്ച് ലേലം ഉറപ്പിക്കുന്നതായിരിക്കും

13. മറ്റേതെങ്കിലും സാഹചര്യത്തിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം ലേലം മാറ്റിവയ്ക്കുന്നതിനുള്ള അധികാരം ആലപ്പുഴ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും

OFFICE OF THE DISTRICT POLICE
ALAPPUZHA

എം.പി.മോഹനചന്ദ്രൻ ഐ.പി.എസ്.
ജില്ലാ പോലീസ് മേധാവി.

സ്വീകർത്തവ് 1) കേരള പോലീസ് മേധാവിയ്ക്ക് ഉപരി പത്രം സഹിതം അറിവിലേക്കായി . 2) കേരള പോലീസ് അഡിഷണൽ ഡയറക്ടർ ജനറൽ ( ഇന്റലിജൻസ് ) ഉപരി പത്രം സഹിതം അറിവിലേക്കായി .3) കേരള പോലീസ് അഡിഷണൽ ഡയറക്ടർ ( ജനറൽ ) എസ് .സി . ആർ. ബി. ഉപരി പത്രം സഹിതം അറിവിലേക്കും കേരള പോലീസ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനുമായി . 4) ആലപ്പുഴ ജില്ലാ കളക്ടർ ഉപരി പത്രം സഹിതം അറിവിലേക്കുമായി .5)ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ എറണാകുളം റെഞ്ച് ഉപരി പത്രം സഹിതം അറിവിലേക്കുമായി 6) സബ് കളക്ടറുടെ ഉപരി പത്രം സഹിതം അറിവിലേക്കുമായി 7) സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ തിരുവനന്തപുരം ഉപരി പത്രം സഹിതം മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കുന്നതിനായി 8) ജില്ലാ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ ആലപ്പുഴ ഉപരി പത്രം സഹിതം മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കുന്നതിനായി

പകർപ്പ് 1) കേരളത്തിലെ പോലീസ് മേധാവികൾക്കുമായി അറിവിലേയ്ക്കു വിപുലമായ പരസ്യത്തിനുമായി 2) അസിസ്റ്റ് പോലീസ് സൂപ്രണ്ട് ചേർത്തല ഉപരി പത്രം സഹിതം അറിവിലേക്കും അനന്തര നടപടികൾക്കുമായി 3) ഡി വൈ എസ് പി ഡിസി ആർബി അറിവിലേക്കും അനന്തര നടപടികൾക്കുമായി 4) ഐ എസ് എച്ച ഒ മുഹമ്മ അറിവിലേക്കും അനന്തര നടപടികൾക്കുമായി .5) ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും അറിവിലേയ്ക്കു വിപുലമായ പരസ്യം നൽകുന്നതിനുമായി